**1125/K /2015/KSHO** **28..06..2018**

പ്രേഷക

ഡയറക്ടർ( എ & എഫ് )
കുടുംബശ്രീ

സ്വീകർത്താവ്

എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും

സർ,

വിഷയം: കുടുംബശ്രീ - ബാലസഭ- ബാല കൃഷിയുടെ ഗൈഡ്ലൈൻ - പദ്ധതി നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

2018-19 വർഷത്തിൽ ജില്ലകളിൽ നടപ്പിലാക്കേണ്ട ബാലസഭ പ്രവർത്തനങ്ങളിൽ വാർഷിക പദ്ധതി ഘടകം ബി06-ൽ പ്രതിപാദിച്ചിരിക്കുന്ന ബാലകൃഷിക്ക് ആവശ്യമായ മാർഗരേഖ ഇതോടൊപ്പം അയയ്ക്കുന്നു. ടി പദ്ധതി കൃത്യമായി നടപ്പിലാക്കുകയും ഇതിലേക്കാവശ്യമായ ചെലവ് ബി06 ശീർഷകത്തിൽ ചേർക്കേണ്ടതും ആയതിന്റെ പ്രവർത്തന പുരോഗതി സംസ്ഥാന മിഷൻ വെബ്സൈറ്റിൽ രേഖപ്പെടുത്തേണ്ടതുമാണ്. ബാലസഭ 2018 -19 വർഷത്തെ ക്രിയേറ്റീവ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ ജില്ലകളിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന അന്തിമ രൂപരേഖ 2018 ജൂൺ 16-ന് മുമ്പ് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ വയനാട്/പത്തനംതിട്ട/ഇടുക്കി ജില്ലകളൊഴികെ മറ്റു ജില്ലകളിൽ നിന്നും ടി റിപ്പോർട്ട് നാളിതു വരെ ലഭ്യമായിട്ടില്ല. ആയതിനാൽ ജില്ലകളിൽ നിന്നും പ്രസ്തുത റിപ്പോർട്ട് അടിയന്തിരമായി സംസ്ഥാന മിഷനിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
ഡയറക്ടർ( എ & എഫ് )
കുടുംബശ്രീ

**അംഗീകാരത്തോടെ,**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

കാർഷിക ഉത്സവങ്ങളാൽ സമ്പന്നമായ കേരളം ഇന്ന് കാർഷിക മേഖലയിൽ നിരവധി മാറ്റങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നു. അനിയന്ത്രിതമായ രാസ പ്രയോഗം കാർഷിക മേഖലയുടെ നിലനിൽപിനുതന്നെ ഭീഷണി ഉയർത്തുന്നുണ്ട്. പരിസ്ഥിതി മലിനീകരണവും വയലുകൾ നികത്തി കെട്ടിടങ്ങൾ ഉയർന്നതും ഈ മേഖലയുടെ വളർച്ചക്ക് വിഘാതമായി. ഇന്ന് പുതിയൊരു മാറ്റത്തിന്റെ പന്ഥാവിലാണ് കേരളം. നമുക്ക് വേണ്ട ഭക്ഷണം നാം തന്നെ ഉത്പാദിപ്പിക്കുക എന്നത് ഏവരുടെയും സ്വപ്നവും ആവശ്യവും ആയി മാറിയിരിക്കുന്നു. നിരവധി പ്രവർത്തനങ്ങൾ ഈ മേഖലയിൽ നടന്നുവരുന്നു. വനിതകളിലൂടെയും കുട്ടികളിലൂടെയും ഇന്ന് കാർഷിക മേഖലയിൽ പുത്തൻ ഉണർവ് നൽകുന്നതിന് കേരളത്തിന് സാധിച്ചിട്ടുണ്ട്.

കുട്ടികളിൽ കാർഷിക ശീലം വളർത്തുക, നല്ല ഭക്ഷണം, പരിസര ശുചിത്വം എന്നിവയുടെ ആവശ്യകത മനസിലാക്കുക എന്നീ ലക്ഷ്യത്തോടെയാണ് കുടുംബശ്രീ ബാലസഭ പ്രവർത്തനത്തിന്റെ ഭാഗമായി **"ബാലകൃഷി"** പദ്ധതി അസൂത്രണം ചെയ്തിരിക്കുന്നത്.

- ഒരു സി ഡി എസിൽ ഒരു ബാല കൃഷി സംഘം രൂപീകരിക്കേണ്ടതാണ്
- ഗ്രൂപ്പിൽ കുറഞ്ഞത് 5 അംഗങ്ങൾ ഉണ്ടായിരിക്കണം
- ഗ്രൂപ്പുകൾ കുറഞ്ഞത് 2 സെന്റ്സ്ഥലത്തു കൃഷി ചെയ്യണം
- ഗ്രൂപ്പുകൾ സി ഡി എസിൽ രജിസ്റ്റർ ചെയ്യണം
- ഗ്രൂപ്പുകൾക്ക് വിത്തുകൾ വാങ്ങുന്നതിനു പരമാവധി 100രൂപ വേർതിരിക്കാവുന്നതാണ്
- രജിസ്റ്റർ ചെയ്ത ഗ്രൂപ്പുകൾക്ക് എം കെ എസ് പി മാസ്റ്റർ കർഷകരുടെയോ / ജീവയുടെയോ നേതൃത്വത്തിൽ പരിശീലനം നൽകേണ്ടതാണ്
- കുടുംബശ്രീ യൂണിറ്റുകൾ , വി.എഫ്.പി.സി.കെ, കൃഷി ഭവൻ, മറ്റ് സർക്കാർ ആഗീകൃത ഏജൻസികൾ എന്നിവിടങ്ങളിൽ നിന്നും വിത്തുകൾ വാങ്ങാവുന്നതാണ്
- ബ്ലോക്ക് തലങ്ങളിൽ സി ഡി എസ് നു കീഴിലുള്ള ബാല കൃഷി സംഘങ്ങളെ ഒരുമിപ്പിച്ചു ഏകദിന പരിശീലനം സംഘടിപ്പിക്കണം
- പദ്ധതിയിൽ അംഗമാകുന്ന എല്ലാവരും പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്
- ഇതിന് വേണ്ട തുക സ്റ്റേറ്റ് പ്ലാനിന്റെ ബാലസഭ പ്രോഗ്രാമിന്റെ ബാലകൃഷി എന്ന ശീർഷകത്തിൽ നിന്നും വിനയോഗിക്കാവുന്നതാണ്.

- പരിശീലനത്തിനായി പരമാവധി ഒരംഗത്തിന് 20 രൂപ (ചായ + ലഘുഭക്ഷണം ) വിനിയോഗിക്കാവുന്നതാണ് .
- പരിശീലനം കുറഞ്ഞത് 2 മണിക്കൂർ സമയം ഉണ്ടായിരിക്കണം
- പരിശീലനത്തിൽ കൃഷി ചെയേണ്ടതിന്റെ ആവശ്യകത , പച്ചക്കറി കൃഷി പരിപാലനം, അടുക്കള മാലിന്യ സംസ്കരണവും ജൈവവള നിർമാണവും എന്നീ വിഷയത്തിലായിരിക്കണം ക്ലാസുകൾ നല്കേണ്ടത്

**സി ഡി എസ്സി ന്റെ ചുമതലകൾ**

- ഗ്രൂപ്പുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ ചെയ്യുക
- പരിശീലനം സംഘടിപ്പിക്കുക
- വിത്തുകൾ പ്രാദേശികമായി ലഭ്യമാക്കി കൊടുക്കുക
- കൃഷി ചെയ്യുന്നതിന്റെ വിവരങ്ങൾ കൃത്യമായി ഡോക്യുമെന്റ് ചെയ്യുക

**എം കെ എസ് പി / എസ് ഡി ബ്ലോക്ക് കോർഡിനേറ്റർമാരുടെ ചുമതലകൾ**

- സി ഡി എസ്സി ന്റെ ആവശ്യം അനുസരിച്ചു പരിശീലനം ക്രമപ്പെടുത്താവുന്നതാണ്. പരിശീലനത്തിനായി ജീവ / മാസ്റ്റർ ഫാമേഴ്സ്ന്റെ സേവനം ലഭ്യമാകുക
- എസ് ഡി ബ്ലോക്ക് കോർഡിനേറ്റർമാർ പ്രോസസ് ഡോക്യുമെന്റഷൻ നടത്തുക
- വിത്തുകൾ പ്രാദേശികമായി ലഭ്യമാക്കി കൊടുക്കുക

**ജില്ലാ മിഷന്റെ ചുമതലകൾ**

- പദ്ധതിക്ക് ആവശ്യമായ നിർദേശങ്ങൾ നൽകുക
- മികച്ച **"കുട്ടി കർഷകരെ"** കണ്ടെത്തുകയും തുടർന്ന് ജില്ലാ തലത്തിൽ അവരെ അനുമോദിക്കുകയും ചെയ്യുക.
- കാർഷിക വിപണന മേളകളോടൊപ്പം കുട്ടി കാർഷിക മേളകൾക്കും സ്റ്റാൾ കണ്ടെത്തുക

- പദ്ധതിക്ക് ആവശ്യമായ പ്രചാരം നൽകുക
- ജില്ലാ തല ക്രോഡീകരണ റിപ്പോർട്ട് സംസ്ഥാന മിഷന് ലഭ്യമാകുക

**മികച്ച കുട്ടി കർഷകരെ തിരഞ്ഞെടുക്കാനുള്ള മാനദണ്ഡങ്ങൾ**

- ജൈവ കൃഷി, നൂതന കൃഷി രീതി, സമ്പ്രദായങ്ങളുടെ ആവിഷ്കരണം, പുത്തൻ ആശയങ്ങൾ എന്നിവയുടെ സാക്ഷാത്ക്കാരം
- കുറഞ്ഞ സ്ഥലത്തു കൂടുതൽ ഉത്പാദനം
- ചുരുങ്ങിയ ചിലവിലുള്ള കൃഷിരീതി
- മികച്ച കുട്ടി കർഷക സംഘങ്ങളെ തിരഞ്ഞെടുക്കുവാനായി ജില്ലാ തലത്തിൽ ഒരു അവലോകന സമിതി രൂപീകരിക്കേണ്ടതാണ് 5 അംഗ സമിതിയിൽ ജനപ്രതിനിധികൾ, കാർഷിക മേഖലയിലെ വിദഗ്ധർ, ജില്ലാ മിഷനിലെ ഉദ്യോഗസ്ഥർ എന്നിവർ ഉണ്ടായിരിക്കേണ്ടതാണ്

**കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിവരം**

. ഉടമസ്ഥന്റെ പേര് :

എത്ര സെന്റ് സ്ഥലം :

സർവ്വെ നം :

**കൃഷിയുടെ വിവരങ്ങൾ**

എത്ര ഇനം വിളകളാണ് കൃഷി ചെയ്യുന്നത് :

അവ ഏതൊക്കെ :

പ്രതീക്ഷിത ഉലപാദനം :

# ബാലകൃഷി രജിസ്ട്രേഷൻ ഫോറം

ഗ്രൂപ്പിന്റെ പേര് :

ബാലസഭയുടെ പേര് :

സി ഡി എസ്സി ന്റെ :

എ ഡി എസ്സി ന്റെ പേര് :

ബാല കൃഷി സംഘം മെമ്പർമാരുടെ വിവരങ്ങൾ

| ക്രമ നം | പേര് | വയസ് | വിലാസം | ഫോൺ നം | ഒപ്പ് |
|---|---|---|---|---|---|
| 1. | | | | | |
| 2. | | | | | |
| 3. | | | | | |
| 4. | | | | | |
| 5. | | | | | |
| 6. | | | | | |
| 7. | | | | | |
| 8. | | | | | |
| 9. | | | | | |
| 10. | | | | | |